കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' സെപ്റ്റംബർ 02 തിങ്കൾ

# ഓണസമൃദ്ധി: ജില്ലയിൽ കൃഷിവകുപ്പിന്റെ 166 വിപണികൾ

- കൃഷിഭവൻ-കർഷക കൂട്ടായ്മയിൽ 108 വിപണികൾ
- ഹോർട്ടികോർപ്പിന്റെ 48 വിപണികളും

ആലപ്പുഴ: ഓണക്കാലത്ത് വിഷരഹിത നാടൻ പഴം-പച്ചക്കറികളുടെ സംഭരണവും വിപണനവും ലക്ഷ്യം വച്ച് സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഓണസമൃദ്ധി-2019 എന്ന പേരിൽ സെപ്റ്റംബർ 7 മുതൽ 10 വരെ ഓണവിപണി ഒരുക്കുന്നു. ആലപ്പുഴ ജില്ലയിൽ കൃഷിഭവൻ-കർഷക കൂട്ടായ്മയിൽ 108 വിപണികളും ഹോർട്ടികോർപ്പിന്റെ 48 വിപണികളും വി.എഫ്.പി.സി.കെയുടെ 10 വിപണികളുമാണുള്ളത്.

കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ കർഷകർക്ക് പൊതു വിപണികളിൽ നിന്നും ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10 ശതമാനം അധികം വില നൽകി സംഭരിച്ചശേഷം വിപണികളിലൂടെ വിൽപന നടത്തുമ്പോൾ പൊതു വിപണി വിലയിൽ നിന്നും 30 ശതമാനം കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത.

നല്ല കൃഷി മുറ സമ്പ്രദായത്തിലൂടെ ഉദ്പാദിപ്പിച്ച പച്ചക്കറി ഉൽപന്നങ്ങൾ പൊതു വിപണികളിൽ നിന്നും കർഷകർക്ക് ലഭ്യമാകുന്ന സംഭരണ വിലയേക്കാൾ 20 ശതമാനം അധികം വില നൽകി സംഭരിക്കുന്നതും, പൊതു വിപണി വിൽക്കുന്ന വിലയിൽ നിന്ന് 10 ശതമാനം സബ്സിഡി നൽകി കൊ ുള്ള നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതുമാണ്. വിപണി സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി അതത് കൃഷിഭവനുകളുമായി ബന്ധപ്പെടേ താണെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

# അതിജീവനത്തിന് ചേർത്തല ശ്രീനാരായണ കലാലയത്തിന്റെ ആദരം

ആലപ്പുഴ: ദുരിതക്കടലിൽ നിന്നും നവകേരളത്തിലേക്ക് നീന്തിക്കയറുന്ന കേരള ജനതയ്ക്ക് കലയിലൂടെ ആദരമർപ്പിച്ച് ചേർത്തല ശ്രീ നാരായണ കലാലയം. ചേർത്തല എസ്.എൻ.കോളേജിലെ മലയാളവിഭാഗമാണ് ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സഹകരണത്തോടുകൂടി 'ജലജീവനം, അതിജീവനം' എന്ന പേരിൽ പുതുമയാർന്ന പരിപാടി സംഘടിപ്പിച്ചത്.

ഗുരുവരം സെമിനാർ ഹാളിൽ നടന്ന ചടങ്ങ് സബ് കളക്ടർ വി.ആർ.കൃഷ്ണ തേജ ഉദ്ഘാടനം ചെയ്തു.' കലയും ജലജീവിതങ്ങളും' എന്നത് കേന്ദ്രപ്രമേയമാക്കി മനുഷ്യരുടെയും ഇതര ജീവജാലങ്ങളുടെയും അതിജീവനത്തിന്റെ ചരിത്രം സർഗ്ഗാത്മക രൂപങ്ങളിലൂടെ പരിചയപ്പെടുത്തുക എന്നതായിരുന്നു പരിപാടിയുടെ ഉദ്ദേശ്യം. സാഹിത്യം,ഫോട്ടോഗ്രാഫി, ചിത്രകല,ചലച്ചിത്രകല എന്നിങ്ങനെ വിവിധ വിഭാഗങ്ങളായി വ്യത്യസ്ത പരിപാടികളാണ് ഒരുക്കിയത്.

ഉദ്ഘാടന സമ്മേളനത്തിൽ പ്രിൻസിപ്പാൾ ഡോ.കെ.ബി.മനോജ് അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ,മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നല്കുന്നവരുടെ രേഖാചിത്രം വരക്കുന്നതിലൂടെ ശ്രദ്ധേയനായ പ്രദീപ് പുരുഷോത്തമൻ 'അതിജീവനത്തിന്റെ 'വര' വഴികൾ' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി.

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിലൂടെ മാതൃകയായ കോളേജിലെ വിദ്യാർത്ഥി ഡി.അനന്തകൃഷ്ണനെ സബ് കളക്ടർ ആദരിച്ചു. 'കുട്ടനാട്: പ്രളയവും അതിജീവനവും' എന്ന വിഷയത്തെ ആസ്പദമാക്കി കാജൽ ദത്ത് പകർത്തിയ ഫോട്ടോകളുടെ പ്രദർശനവും ഫോട്ടോഗ്രാഫറുമായുള്ള മുഖാമുഖവും 'പ്രളയത്തിനിടയിലെ പ്രതീക്ഷയുടെ തുരുത്തുകൾ' എന്ന പേരിൽ വിദ്യാർത്ഥികളുടെ ചിത്രരചനാപ്രദർശനവും സംഘടിപ്പിച്ചു.ഡോ. കെ.എൽ.ശ്രീജമോൾ ചിത്രപ്രദർശനം ഉദ്ഘാടനം ചെയ്തു.

മലയാള മനോരമ ചീഫ് ഫോട്ടോഗ്രാഫർ റിജോ ജോസഫ് 'പ്രളയം മുതൽ അതിജീവനം വരെ പ്രസ് ഫോട്ടോഗ്രാഫറുടെ അനുഭവ സാക്ഷ്യം എന്ന വിഷയം അവതരിപ്പിച്ചു. കുട്ടനാടിന്റെ കഥാകാരൻ തകഴിയുടെ 'വെള്ളപ്പൊക്കത്തിൽ' എന്ന ചെറുകഥയുടെ വാമൊഴി അവതരണം,പ്രളയാനന്തര പുനർവായന എന്നിവയാണ് 'ജലജീവിതവും സാഹിത്യവും'എന്ന വിഭാഗത്തിൽ കുമാരി പ്രിയങ്ക അവതരിപ്പിച്ചത്. എം.വി.കൃഷ്ണമൂർത്തി വിഷയം അവതരിപ്പിച്ചു.'ജലജീവിതം ചലച്ചിത്രകലയിൽ'എന്ന വിഭാഗത്തിൽ വിവിധ ഭാഷകളിൽ നിന്നുള്ള ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ ഗണിതശാസ്ത്രവിഭാഗം മേധാവി വി. ബിപിൻ കുമാർ ആശംസകൾ നേർന്ന് കവിത അവതരിപ്പിച്ചു. വകുപ്പ് അദ്ധ്യക്ഷ ഡോ.സി.ലേഖ സ്വാഗതം പറഞ്ഞു.മലയാളവിഭാഗം അദ്ധ്യാപകനും പ്രോഗ്രാം കോർഡിനേറ്ററുമായ ടി.ആർ.രതീഷ് ആമുഖ പ്രഭാഷണം നടത്തി. കുമാരി സ്നേഹ ബിജു നന്ദി പറഞ്ഞു.

**ഫോട്ടോ ക്യാപ്ഷൻ:**

ചേർത്തല എസ്.എൻ.കോളജിൽ നടന്ന 'ജലജീവനം, അതിജീവനം' പരിപാടി സബ്കളക്ടർ വി.ആർ.കൃഷ്ണതേജ ഉദ്ഘാടനം ചെയ്യുന്നു

# 299 തുറമുഖ തൊഴിലാളികൾക്കും ആശ്രിതർക്കും ധനസഹായത്തിനും സൗജന്യ റേഷനും അനുമതി

ആലപ്പുഴ: 2019-20 സാമ്പത്തിക വർഷം ആലപ്പുഴ തുറമുഖത്ത് 299 തുറമുഖ തൊഴിലാളികൾക്ക് ആശ്രിതർക്ക് ഓണത്തോടനുബന്ധിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായവും ര ാഴ് ചത്തെ സൗജന്യ റേഷനും നൽകുന്നതിന് സർക്കാർ അനുമതിയായി. ധനസഹായത്തിന്റെ വിതരണോദ്ഘാടനം തുറമുഖ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഇന്ന് (04/09/2019) രാവിലെ 9 മണിക്ക് ആലപ്പുഴ തുറമുഖ ഓഫീസിൽ വച്ച് നിർവഹിക്കും. അന്നേ ദിവസം ഉദ് ഘാടനത്തിനു ശേഷവും തുടർന്നുള്ള മൂന്നു ദിവസങ്ങളിലും തൊഴിലാളികൾക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്. തുറമുഖ തൊഴിലാളികളോ നിയമപരമായ ആശ്രിതരോ പിൻതുടർച്ചാവകാശികളോ അവകാശം തെളിയിക്കുന്നതിനുള്ള രേഖകളായി - ടോക്കൺ, ആധാർ കാർഡ്, റേഷൻ കാർഡ്, പണം കൈപ്പറ്റുന്നതിനായുള്ള ഒരു രൂപയുടെ റവന്യ സ്റ്റാമ്പ് എന്നിവ സഹിതം തുറമുഖ ഓഫീസിൽ ഹാജരാക്കി ധനസഹായം കൈപ്പറ്റാവുന്നതാണ്.

# മാവേലിമന്നനെ കാണാൻ ചാന്ദ്രമനുഷ്യൻ; സംഗമവേദിയായി പേരിശ്ശേരി ഗവ.യു.പി.സ്ക്കൂൾ

ചെങ്ങന്നൂർ : പേരിശ്ശേരി ഗവ.യു.പി.സ്ക്കൂളിന്റെ ഓണാഘോഷവേദിയിൽ ഒരു അപൂർവ്വ അതിഥി. മാവേലി മന്നനോടൊപ്പം ഓണപ്പാട്ടും ഓണക്കളികളുമായി ആർത്തുല്ലസിച്ച കൂട്ടുകാർക്കിടയിലേക്ക് ചാന്ദ്രമനുഷ്യൻ അപ്രതീക്ഷിതമായി കടന്നുവന്നു. ഇക്കുറി ഓണമുണ്ണാൻ ഞാനുമുണ്ടെന്ന് പറഞ്ഞെത്തിയ ഈ അതിഥിയെ കുട്ടികൾ ഹർഷാരവത്തോടെ സ്വാഗതം ചെയ്തു. പിന്നെ ചാന്ദ്രവിശേഷങ്ങളറിയാൻ ചോദ്യങ്ങളുടെ പ്രളയമായിരുന്നു. ചന്ദ്രനിൽ എന്താണ് സമുദ്രമില്ലാത്തത്? ചന്ദ്രന് അന്തരീക്ഷമില്ലാത്തത് എന്തുകൊണ്ടാണ്? ചന്ദ്രനിൽ ആദ്യമായി മനുഷ്യൻ ഇറങ്ങിയപ്പോൾ എന്തുതോന്നി? ചന്ദ്രനിൽ വന്നാൽ ഒരു ആനയെ പൊക്കാൻ പറ്റുമോ? തുടങ്ങി കുട്ടികൾ ചോദിച്ച ഓരോ ചോദ്യവും അവരിലെ ശാസ്ത്രകൗതുകത്തിന്റെ വേരുറപ്പിക്കുന്നതായിരുന്നു.

എല്ലാത്തിന്റെയും ഉത്തരം രസകരമായി ശബ്ദങ്ങളിലൂടെയും ചില പ്രകാശ സിഗ്നലുകളിലൂടെയും ചാന്ദ്രമനുഷ്യൻ കുട്ടികളോടു പറഞ്ഞു. ചാന്ദ്രഭാഷയിലുള്ള ഈ സിഗ്നലുകൾ ഒരു ദ്വിഭാഷിയാണ് കുട്ടികൾക്ക് തങ്ങളുടെ ഭാഷയിൽ പറഞ്ഞുകൊടുത്തത്. ഏകദേശം ഒരു മണിക്കൂറോളം ചാന്ദ്രമനുഷ്യനുമായി കുട്ടികൾ സംവദിച്ചു. സമഗ്രശിക്ഷാ കേരളം ബി ആർ സി ചെങ്ങന്നൂരിന്റെയും കേരളശാസ്ത്രസാഹിത്യപരിഷത്ത് ചെങ്ങന്നൂർ മേഖലയുടെയും ആഭിമുഖ്യത്തിൽ നടന്ന ''ചന്ദ്രകാന്തം 2019'' എന്ന പരിപാടിയാണ് ഇത്തരത്തിൽ കൗതുകമായത്. ചെങ്ങന്നൂർ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ജി.കൃഷ്ണകുമാർ ഉദ്ഘാടനം നിർവ്വഹിച്ച പരിപാടിയിൽ എസ്.എസ്.കെ പ്രോഗ്രാം ഓഫീസർ എ. ഷുക്കൂർ, സ്ക്കൂൾ പ്രഥമാധ്യാപകൻ .വി.ജി.സജികുമാർ, പരിഷത്ത്മേഖലാ സെക്രട്ടറി. റ്റി.സി.സുരേഷ്, മേഖലാപ്രസിഡന്റ് റ്റി.കെ.സുഭാഷ് എന്നിവർ പങ്കെടുത്തു. ആലപ്പുഴ ജില്ലാ ബാലവേദിയുടെ കൺവീനർ മുരളി കാട്ടൂർ ദ്വിഭാഷിയായി കുട്ടികളോട് സംസാരിച്ചു.

ചെങ്ങന്നൂർ ബി ആർ സിയുടെ നേതൃത്വത്തിൽ എസ് വി എച്ച് എസ് എസ് പാ നാട്, ജി യു പി എസ് എണ്ണയ്ക്കാട്, എം പി യു പി എസ് പുത്തൻകാവ്, എസ് എച്ച് വി എച്ച് എസ് കാരയ്ക്കാട് എന്നീ വിദ്യാലയങ്ങളും ചാന്ദ്രമനുഷ്യൻ സന്ദർശിച്ചിരുന്നു.

**ഫോട്ടോ ക്യാപ്ഷൻ:**

പേരിശ്ശേരി ഗവ.യു.പി.സ്ക്കൂളിൽ നടന്ന ചന്ദ്രകാന്തം പരിപാടിയിൽ നിന്ന്

## മത്സ്യബന്ധന വള്ളങ്ങളുടെ വിതരണം ഇന്ന്

ആലപ്പുഴ : ഐ ആംഫോർ ആലപ്പിയുടെ നേതൃത്തിൽ ഉൾനാടൻ മത്സ്യ തൊഴിലാളികൾക്കുള്ള മത്സ്യബന്ധന വള്ളങ്ങൾ ഇന്ന് (04.09.19) രാവിലെ 10 ന് പുന്നമട ഫിനിഷിംഗ് പോയിന്റിൽ വിതരണം ചെയ്യും. 60 പേർക്കാണ് വള്ളങ്ങൾ ലഭിക്കുന്നത്.

## ലൈസൻസ് ഇല്ലാതെ ഫാക്ടറി നടത്തിയതിന് പിഴ

ആലപ്പുഴ: ഹരിപ്പാട്, നാരകത്തറ ജങ്ഷനിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച കുറ്റത്തിനും നിയമലംഘനങ്ങൾ നടത്തിയതിനും ശ്രീരാഗം മോട്ടോഴ്സ് ഉടമയ്ക്ക് ആലപ്പുഴ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് പിഴ ശിക്ഷ വിധിച്ചു. അഡീഷണൽ ഫാക്ടറീസ് ഇൻസ്പെക്ടർ ഫയൽ ചെയ്ത കേസിൽ 30,000 രൂപയാണ് ശിക്ഷ വിധിച്ചത്.

## ഗൃഹശ്രീ പദ്ധതിയുടെ പേരിലുള്ള തട്ടിപ്പിനെതിരെ ജാഗ്രത വേണം

ആലപ്പുഴ: സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി നടപ്പാക്കുന്ന ഗൃഹശ്രീ പദ്ധതി പ്രകാരം വീടുവയ്ക്കുന്നതിലേക്കായി സബ്സിഡി ഇനത്തിൽ ര ു ലക്ഷം രൂപ വാങ്ങി നൽകാമെന്ന് തെറ്റിദ്ധരിപ്പിച്ച് തട്ടിപ്പ് നടത്തുന്നതിനെതിരെ ജാഗ്രത പാലിക്കണമെന്ന് കേരള സംസ്ഥാന ഭവന നിർമാണ ബോർഡ് ആലപ്പുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയർ അറിയിച്ചു. ജില്ലയിൽ ചില വ്യക്തികളും സംഘടനകളും ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം സ്വീകരിക്കുന്നതായും അതിൽ ഒരു ഭാഗം സർക്കാർ നൽകുന്ന ആദ്യ ഗഡു എന്ന് തെറ്റിദ്ധരിപ്പിച്ച് അവർക്ക് തിരികെ നൽകി വരുന്നതായും ശ്രദ്ധയിൽപെട്ടിട്ടു ്. ബോർഡിൽ ഗൃഹശ്രീ പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിച്ച് തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ബോർഡിലെ ഉദ്യോഗസ്ഥർ ഓരോ നിർമ്മാണഘട്ടവും നേരിട്ട് എത്തി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി മാത്രമാണ് തുക നേരിട്ട് ബാങ്ക് അക്കൗ ് വഴി ഗുണഭോക്താക്കൾക്ക് നൽകുന്നത്. ഗൃഹശ്രീ പദ്ധതിയുടെ നടത്തിപ്പിനായി ബോർഡ് ഉദ്യോഗസ്ഥരെയല്ലാത്ത മറ്റാരെയും ചുമതലപ്പെടുത്തിയിട്ടില്ല. തട്ടിപ്പിനിരയാകാതെ ജാഗ്രത പാലിക്കണമെന്നും ഇത്തരത്തിലുള്ള നഷ്ടങ്ങൾക്ക് ബോർഡിന് യാതൊരു ബാധ്യതയും ഉ ായിരിക്കുന്നതല്ലായെന്നും എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

## ദർഘാസ് ക്ഷണിച്ചു

ആലപ്പുഴ: ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ വിവിധ വാർഡുകൾ, ഒ.പി. ഓഫീസ്, ലാബ് എന്നിവിടങ്ങളിലെ തുരുമ്പു പിടിച്ചതും കേടായതുമായ ഇരുമ്പു അലമാരകൾ ,സ്പ്രേ പെയന്റിങ്, റിപ്പയർ, വാർണിഷ് എന്നിവ ചെയ്യുന്നതിന് ദർഘാസുകൾ ക്ഷണിച്ചു. ദർഘാസുകൾ സെപ്റ്റംബർ 16 ഉച്ചകഴിഞ്ഞ് ര ുവരെ നൽകാം. 17ന് 2.30ന് തുറക്കും. ദർഘാസുകൾ സൂപ്ര ്,സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ബസാർ പി.ഒ, ആലപ്പുഴ -688 012 എന്ന വിലാസത്തിൽ നൽകണം.ഫോൺ: 0477- 2251151.

# ക്വട്ടേഷന്‍ ക്ഷണിച്ചു

ആലപ്പുഴ: ഗവ. മെഡിക്കല്‍ കോളജിലെ മെഡിക്കല്‍ വിദ്യാഭ്യാസ വകുപ്പിലെ വാഹനത്തിന് ഉപയോഗിച്ച് ശേഷം തള്ളിയ ടയര്‍ വില്‍പ്പനയ്ക്ക് ക്വട്ടേഷന്‍ ക്ഷണിച്ചു. പ്രിന്‍സിപ്പല്‍, ഗവ. ടി.ഡി. മെഡിക്കല്‍ കോളജ്, ആലപ്പുഴ-688 005 എന്ന വിലാസത്തില്‍ സെപ്റ്റംബര്‍ 24 വരെ ക്വട്ടേഷന്‍ നല്‍കാം.ഫോണ്‍: 0477-2282374.